LIBRARY ARCHIVES Kerala Legislative Assembly

കൊരട്ടിച്ചാൽ-കുലയിടം പാടശേഖരത്തിന്റെ സമഗ്രകാർഷിക വികസന പ്രവർത്തനങ്ങൾ

181 (4221) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച ചാലക്കുടി മണ്ഡലത്തിലെ കൊരട്ടിച്ചാൽ-കുലയിടം പാടശേഖരത്തിന്റെ സമഗ്ര കാർഷിക വികസന പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്നും ഏതെല്ലാം പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

ആർ.കെ.വി.വൈ. (2014-15) പദ്ധതിയിൽ ഉൾപ്പെടുത്തി 22-1-2015 തീയതിയിലെ സ.ഉ.(എംഎസ്.) നമ്പർ 11/2015/കൃഷി നമ്പർ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയ കൊരട്ടിച്ചാൽ ഗ്രാമപഞ്ചായത്തിലെ കൊരട്ടിച്ചാൽ തോടിന്റെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭിക്കുന്നതിനായി കോഴിക്കോട് കൃഷി എക്സ്റ്റൻഷൻ എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

കർഷകർക്കായി പ്രത്യേക ക്ഷേമബോർഡ്

182 (4222) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകർക്കായി കൃഷിവകുപ്പ് മുഖേന നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(ബി) കർഷകർക്കും അവരുടെ കുടുംബാംഗങ്ങൾക്കും പ്രത്യേക ക്ഷേമ പെൻഷനുകളോ, വിദ്യാഭ്യാസ മേഖലയിൽ സംവരണമോ ആനുകൂല്യമോ ആരോഗ്യപരിരക്ഷാ പദ്ധതികളോ നടപ്പാക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) കർഷകർക്കായി പ്രത്യേക ക്ഷേമബോർഡ് രൂപീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ക്ഷേമബോർഡ് രൂപീകരിച്ച് വിവിധ ക്ഷേമപരിപാടികൾ ആവിഷ്കരിക്കാൻ തയ്യാറാകുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.